# വചന വിചിന്തനം : ഫെബ്രുവരി 15 ഞായർ, 2009

**യോഹ. 3 :31 – 32**

“ഉന്നതത്തിൽ നിന്ന് വന്നവൻ എല്ലാവർക്കും ഉപരിയാണ്. ഭൂമിയിൽ നിന്നുള്ളവൻ ഭൂമിയുടേതാണ്... അവൻ ഭൗമീക കാര്യങ്ങൾ സംസാരിക്കുന്നു. എന്നാൽ സ്വർഗ്ഗത്തിൽ നിന്ന് വന്നവൻ അവൻ കാണുകയും കേൾക്കുകയും ചെയ്യുന്നതിനെപ്പറ്റി സംസാരിക്കുന്നു”.

അവതാരകരുടെ വേഷപകർച്ചകളാണ് ഇന്ന് ചാനലുകളെ ശ്രദ്ധാകേന്ദ്രങ്ങളാക്കുന്നത്. അവതാരകരാണ് താരം എന്ന അവസ്ഥയിലേക്ക് എത്തി കാര്യങ്ങൾ. കലാമൂല്യത്തേക്കാൾ അവതരണമികവാണ് കാലഘട്ടത്തെ ഹരം പിടിപ്പിക്കുന്നത് എന്ന കച്ചവട തത്വശാസ്ത്രത്തിന്റെ ഉപോത്പന്നങ്ങളായി എത്രയോ അവതാരകരുടെ ദയനീയ കോലങ്ങളാണ് നാം കാണേണ്ടി വരുന്നത്.

ഇത് ഭൂമിയുടെ ക്യാൻവാസ്. കാരണം ഭൂമിയിൽ നിന്നുള്ളവന് ഭൗമീകകാര്യങ്ങളാണ് മാനദണ്ഡങ്ങൾ.

എന്നാൽ ഇന്ന് വചനം പരിചയപ്പെടുത്തുന്നത് സ്വർഗ്ഗത്തിൽ നിന്നുള്ള താരത്തേയും അവതാരകനേയും ആണ്. സ്വർഗ്ഗത്തിന്റെ മനസ്സ് സ്വന്തമാക്കിയവൻ സ്നാപകൻ ക്രിസ്തുവിനെ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുകയാണ്.

ജോർദ്ദാന്റെ അക്കരെ ക്രിസ്തു മാമ്മോദീസ നല്കുന്നു എന്നു കേൾക്കുമ്പോൾ യോഹന്നാന്റെ ഹൃദയം നിറയുകയാണ്. ഇതിനാണ് താൻ വന്നത്.... ഈ ക്രിസ്തുവിനെ ലോകത്തിന് പരിചയപ്പെടുത്താൻ. എല്ലാവരേയും അവന്റെ പക്കലേക്ക് നയിക്കാൻ...

യോഹന്നാന് ദൗത്യപൂർത്തീകരണത്തിന്റെ സംതൃപ്തിയാണ്. പിന്നെ ഉന്നതത്തിൽ നിന്ന് വന്നവനെ ഭൂമിയുടെ പദാവലികളിൽ അവൻ പരിചയപ്പെടുത്തുകയാണ്.

-ഭൂമിയുടെ ഭാഷയല്ല ക്രിസ്തവിന്റേത്.

കാരണം അവൻ വന്നത് സ്വർഗ്ഗത്തിൽ നിന്നാണ്. അവിടെ കണ്ടതിനേയും കേട്ടതിനേയും പറ്റിയാണ് അവൻ പറയുന്നത്. ത്രീത്വൈക ദൈവത്തിന്റെ സ്നേഹാനുഭവമാണല്ലോ സ്വർഗ്ഗം. പിതാവിനുള്ളതെല്ലാം എന്റേതാണ് എന്നു പറയുന്ന പിതൃപുത്രബന്ധത്തിന്റെ സ്നേഹ കൂട്ടായ്മ. ഭൂമിയുടെ അളവുകോലുകൾക്ക് ഇത് വഴങ്ങില്ല. കാരണം എനിക്ക് സ്വന്തമായത് എന്റേതുമാത്രമാണ്. എന്റെ മക്കൾക്കുപോലും അവകാശമില്ല എന്നു പറയുന്ന അപ്പൻ.. അത് സ്വത്തിന്റെ കാര്യങ്ങളിൽ മാത്രമല്ല.. സ്നേഹത്തിനും വാത്സല്യത്തിനും അംഗീകാരത്തിനുമൊക്കെ ആരും പങ്കുകാരാകേണ്ട എന്ന് കരുതി ജീവിക്കുന്ന മാതാപിതാക്കൾ.... സ്വാർത്ഥതയുടെ ഈ പൂരക്കാഴ്ചയിലെ മറുപകുതി മക്കളുടേതാണ്. എനിക്ക് അപ്പന്റേയും അമ്മയുടേയും സ്വത്തുമാത്രം മതി, അവരെ ഏറ്റെടുക്കാൻ വയ്യ എന്നു പറഞ്ഞ് അഗതിമന്ദിരങ്ങളിൽ അവർക്കുവേണ്ടി സീറ്റു ചോദിക്കുന്ന മക്കൾ.

ഉച്ചവെയിൽ ചായുന്ന നേരത്താണ് ഒരു വൃദ്ധൻ പടികയറി വന്നത്. മുഷിഞ്ഞ വസ്ത്രങ്ങളും ഒരു ചെറിയഭാണ്ഡവുമായി. തളർന്ന മുഖത്തേക്ക് നോക്കി “എന്തുപറ്റി ? ഒന്നും കഴി

ച്ചില്ലേ''. എന്നു തിരക്കുന്ന എന്നോട് ''വിശപ്പില്ല അച്ചോ'' എന്നു പറയുമ്പോൾ വിശപ്പിന്റേതിനേക്കാൾ എത്രയോ വലിയ വേദനയാണ് അയാളെ തളർത്തുന്നത് എന്ന് ഞാൻ അറിഞ്ഞില്ല.

പിന്നെ, ഹൈറേഞ്ചിലേക്ക് കുടിയേറിയതു മുതലുള്ള ഓർമ്മകളിൽ അയാൾ ഒന്നു വിതുമ്പി. ഒരുനേരം മാത്രം ആഹാരം കഴിച്ചിരുന്ന എത്രയോ ദിവസങ്ങൾ. എങ്കിലും അത്താഴത്തിനിരിക്കുമ്പോൾ കലത്തിൽ ഉള്ളതുകൊണ്ട് നാലു മക്കൾക്കും ഭർത്താവിനും വിളമ്പിയെത്തിക്കാൻ പാടുപെടുന്ന ഭാര്യയെ കണ്ട്, ഓ! ഇന്ന് വിശക്കുന്നില്ല, എന്നു പറഞ്ഞ് മുണ്ടും മുറുക്കിയുടുത്ത് എഴുന്നേറ്റുപോകുന്ന അപ്പൻ. പകൽ മഴുവൻ അദ്ധ്വാനിച്ചിട്ട് ഒന്നും കഴിക്കാതെ എഴുന്നേൽക്കുന്ന അപ്പന്റെ മുഖത്തേക്കു നോക്കി കണ്ണു നിറയാതെയിരിക്കാൻ ബദ്ധപ്പെടുന്ന ഭാര്യ. അങ്ങനെ മക്കളെ വളർത്തി കുറെയൊക്കെ സമ്പാദിച്ചു. മക്കൾ വീതം ചോദിക്കുന്നതിനുമുമ്പേ ഭാര്യ മരിച്ചു. വീതം വയ്ക്കുമ്പോൾ, സ്വന്തമായി ഒന്നും കരുതാതെ, മക്കളല്ലേ അപ്പന്റെ സമ്പാദ്യം എന്നു കരുതി എല്ലാം അവർക്കു പങ്കുവച്ചു. ഒടുവിൽ അപ്പനെ അവരും വീതം വച്ചു. – ഓരോ ആൺമക്കളുടെ അടുത്തും മൂന്നു മാസം വീതം ...ഇപ്പോൾ അത് അവർക്ക് ഭാരമായി തുടങ്ങി... അയാളുടെ വിതുമ്പലുകൾക്കിടയിൽ ഈ വചനം ഓർമ്മിക്കുകയാണ്...

ഭൂമിയിലുള്ളവൻ ഭൂമിയുടേതാണ്.....സ്വർഗ്ഗത്തിൽ നിന്നു വന്നവൻ .... ഉപരിയാണ്.

എന്നാണോ ഈ ഭൂമി ആ സ്വർഗ്ഗത്തിന്റെ ഭാഷ സംസാരിച്ചു തുടങ്ങുന്നത്... എനിക്കുള്ളതെല്ലാം പിതാവിന്റേത്... ഞാനും പിതാവും ഒന്നാണ്...

ഈ ക്രിസ്തുവിനേയും അവന്റെ സ്വർഗ്ഗത്തേയുമാണ് സ്നാപകൻ പറഞ്ഞു പരിചയപ്പെടുത്തുന്നത്;

3: 35 പിതാവ് പുത്രനെ സ്നേഹിക്കുന്നു... എല്ലാം അവനെ ഏല്പിച്ചിരിക്കുന്നു.

ഒരു ക്രിസ്തു വന്നു പോയിട്ടും ഭൂമി സ്വർഗ്ഗത്തിന്റെ ഭാഷ  മനസ്സിലാക്കിയില്ല എന്ന ദുരന്തത്തിൽ നിന്ന് ഇങ്ങനെ പ്രാർത്ഥിക്കണം;

''അവൻ വളരുകയും'' – എന്നിലെ ക്രിസ്തു വളരട്ടെ... എന്നിലെ സ്നേഹത്തിന്റെ, പങ്കുവയ്ക്കലിന്റെ സ്വർഗ്ഗീയമായ നന്മകൾ വളരട്ടെ.

''ഞാൻ കുറയുകയും'' – എന്നിലെ ഞാൻ എന്ന സ്വാർത്ഥതയുടെ വാൽമീകം, അഹംബോധത്തിന്റെ ചിതൽപുറ്റ്, എന്റേത് എന്ന ഓർമ്മകൾ കുറയട്ടെ.

അങ്ങനെ സ്നാപകൻ അവതരിപ്പിച്ച ക്രിസ്തു മനുഷ്യർക്കു പങ്കുവച്ചു കൊടുത്ത അവന്റെ ഭവനത്തിലെ (സ്നേഹക്കൂട്ടായ്മയിലെ) അനുഭവത്തിലേക്ക് ഭൂമി ഉയരട്ടെ.

**ഫാ. അലക്സ് വേലാച്ചേരി.**